ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.03.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ട്രാൻസ്ജെൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണ) ഭേദഗതി ബിൽ പാർലമെന്റ് പാസാക്കി.

   **Parliament clears Transgender Persons (Protection of Rights) Amendment Bill.**

2. പശ്ചിമേഷ്യൻ സംഘർഷ സാഹചര്യം ചർച്ച ചെയ്യാൻ സർവകക്ഷി യോഗം വിളിച്ചു ചേർത്ത് കേന്ദ്ര സർക്കാർ.

   **Government convenes All-Party Meeting to discuss West Asia situation.**

3. ഇന്ധന വില വർധന സംബന്ധിച്ച അഭ്യൂഹങ്ങൾ തള്ളി പെട്രോളിയം മന്ത്രാലയം ; ജനങ്ങൾ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും മന്ത്രാലയം.

   **Ministry of Petroleum dismisses rumors of hike in fuel prices; states there is no need for the public to panic.**

4. പശ്ചിമേഷ്യയിൽ വെടിനിർത്തൽ ശ്രമങ്ങൾക്ക് തിരിച്ചടി. അമേരിക്കയുടെ നിർദേശങ്ങൾ നിരസിച്ച് ഇറാൻ.

   **Setback to ceasefire efforts in West Asia: Iran rejects U.S. proposals.**

5. കേരളത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം. നാമനിർദേശ പത്രികകൾ പിൻവലിക്കാനുള്ള സമയ പരിധി ഇന്ന് അവസാനിക്കും.

   **Election campaigning intensifies in Kerala; deadline for withdrawal of nomination papers ends today.**

6. സാഫ് അണ്ടർ-20 ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ, ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും.

   **In the SAFF Under-20 Football Championship, India will face Pakistan today.**

❁❁❁❁❁❁❁❁❁❁❁❁❁

**PARLIAMENT**

ട്രാൻസ്ജെൻഡർ (അവകാശ സംരക്ഷണ) ഭേദഗതി ബിൽ പാർലമെൻറ് പാസാക്കി. കഴിഞ്ഞ ദിവസം ലോക്സഭ പാസാക്കിയ ബില്ലിന് രാജ്യസഭ ഇന്നലെ അംഗീകാരം നൽകുകയായിരുന്നു. ചർച്ചകൾക്ക് ധനമന്ത്രി നിർമല സീതാരാമൻ സഭയിൽ മറുപടി നൽകി. 2025 ലെ ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്സി കോഡ് (ഭേദഗതി) ബില്ലും ലോക് സഭ പരിഗണിച്ചു. ധനകാര്യ ബിൽ 2026 ലോക്സഭ ശബ്ദവോട്ടോടെ പാസാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

**RIJIJU – PARLIAMENT HOLIDAY**

പാർലമെൻറിൻറെ ഇരുസഭകളും വരുന്ന ശനി, ഞായർ ദിവസങ്ങളിൽ യോഗം ചേരില്ലെന്ന് പാർലമെൻററി കാര്യ മന്ത്രി കിരൺ റിജിജു. ധനബിൽ പാസാക്കൽ സുപ്രധാനമായതിനാൽ വാരാന്ത്യത്തിൽ ഇരുസഭകളും ചേരുമെന്ന് നേരത്തെ തീരുമാനിച്ചിരുന്നു. അവധിയായതിനാൽ ഇന്നും പാർലമെൻറ് സമ്മേളിക്കില്ല.

❁❁❁❁❁❁❁❁❁❁❁❁❁

## IRAN-US CEASEFIRE PLAN(INTRO)

അമേരിക്ക മുന്നോട്ടുവച്ച നിർദേശങ്ങൾ ഇറാൻ നിരസിച്ചതിനെത്തുടർന്ന് പശ്ചിമേഷ്യയിലെ വെടിനിർത്തൽ ശ്രമങ്ങൾക്ക് തിരിച്ചടി. അമേരിക്കയുടെ പതിനഞ്ചോളം നിർദേശങ്ങൾക്ക് പകരം ഇറാൻ അഞ്ചു നിർദേശങ്ങൾ പ്രഖ്യാപിച്ചു. എന്നാൽ, ചർച്ചകൾ സജീവമായി തുടരുമെന്ന് വൈറ്റ് ഹൗസ് അറിയിച്ചു.

***വിശദാംശങ്ങളിലേക്ക്...***

***( വോയിസ്....).***

❁❁❁❁❁❁❁❁❁❁❁❁❁

## IRAN-US CEASEFIRE PLAN(VOICE)

ഇറാന്റെ ആണവ പദ്ധതിയും മിസൈൽ ശേഷിയും പരിമിതപ്പെടുത്തുക, ഹോർമുസ് കടലിടുക്ക് അന്താരാഷ്ട്ര

കപ്പൽ ഗതാഗതത്തിനായി വീണ്ടും തുറക്കുക, പ്രാദേശിക സായുധ സംഘങ്ങൾക്കുള്ള പിന്തുണ നിയന്ത്രിക്കുക, ഘട്ടം ഘട്ടമായുള്ള ഉപരോധ ഇളവുകൾ അംഗീകരിക്കുക എന്നിവയായിരുന്നു യുഎസ് നിർദേശങ്ങൾ. അതേസമയം, ആക്രമണങ്ങൾ ഉടൻ അവസാനിപ്പിക്കുക, യുദ്ധ നഷ്ടപരിഹാരം നൽകുക, ഹോർമുസ് കടലിടുക്കിന് മേലുള്ള ഇറാന്റെ പരമാധികാരം പൂർണ്ണമായി അംഗീകരിക്കുക തുടങ്ങിയ അഞ്ച് നിർദേശങ്ങൾ ഇറാനും മുന്നോട്ടു വച്ചു. ഇരുപക്ഷവും നിലപാടുകൾ കടുപ്പിച്ചതോടെ, പശ്ചിമേഷ്യയിലുടനീളം സംഘർഷം കൂടുതൽ രൂക്ഷമാകുമെന്ന ആശങ്ക തുടരുകയാണ്. ഇറാന്റെ നേതൃത്വത്തിൽ ഇസ്രായേലി കേന്ദ്രങ്ങളിലേക്കും ഗൾഫ് മേഖലയിലേക്കും ആക്രമണമുണ്ടായി. ഇസ്രായേൽ സൈന്യം ഇറാനിലും വ്യോമാക്രമണങ്ങൾ ശക്തമാക്കി. ന്യൂസ്ഡെസ്ക് ആകാശവാണി...

**UNHRC-IRAN GULF STATES**

മേഖലയിലെ നിരവധി രാജ്യങ്ങളിലേക്കുള്ള ഇറാനിയൻ ആക്രമണങ്ങളെ ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ സമിതി ശക്തമായി അപലപിച്ചു. ദുരിതബാധിതർക്ക് ഉടനടി നഷ്ടപരിഹാരം നൽകണമെന്ന് ഇറാനോട് ആവശ്യപ്പെടുന്ന

പ്രമേയം ജനീവയിൽ ചേർന്ന അടിയന്തര സമ്മേളനം പാസാക്കി. യുഎഇ, കുവൈറ്റ്, ബഹ്റൈൻ, ഒമാൻ, ഖത്തർ, സൗദിഅറേബ്യ, ജോർദാൻ എന്നിവയെ ലക്ഷ്യംവച്ചുള്ള ആക്രമണങ്ങൾ അന്താരാഷ്ട്ര നിയമങ്ങളുടെ ലംഘനമാണെന്നും സമാധാനത്തിനും സുരക്ഷയ്ക്കും ഭീഷണിയാണെന്നും പ്രമേയത്തിൽ പറയുന്നു.

## ALL PARTY MEETING(INTRO)

പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ സംബന്ധിച്ച് ചർച്ച ചെയ്യാൻ കേന്ദ്രസർക്കാർ സർവകക്ഷി യോഗം വിളിച്ചുചേർത്തു. ന്യൂഡൽഹിയിലെ പാർലമെൻറ് സമുച്ചയത്തിൽ ചേർന്ന യോഗത്തിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് അധ്യക്ഷത വഹിച്ചു. കേന്ദ്രമന്ത്രിമാരായ അമിത് ഷാ, എസ്. ജയ്ശങ്കർ, ഹർദീപ് പുരി, കിരൺ റിജിജു എന്നിവർക്കൊപ്പം ജോൺ ബ്രിട്ടാസ് എംപി, ജെഡിയു വർക്കിംഗ് പ്രസിഡൻറ് സഞ്ജയ് ഝാ, കോൺഗ്രസ് നേതാക്കളായ മുകുൾ വാസ്നിക്, താരിഖ് അൻവർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. സർക്കാർ സ്വീകരിക്കുന്ന നടപടികളിൽ എല്ലാ പ്രതിപക്ഷ പാർട്ടികളും പിന്തുണ ഉറപ്പ് നൽകിയതായി കേന്ദ്രമന്ത്രി കിരൺ റിജിജു മാധ്യമങ്ങളോട്

പറഞ്ഞു.

( വോയിസ്....)

WEST ASIA- DAILY BRIEF

രാജ്യത്ത് മതിയായ അളവിൽ ക്രൂഡ് ഓയിൽ ശേഖരമുണ്ടെന്നും 26 കോടി ടൺ അസംസ്കൃത എണ്ണ ശുദ്ധീകരിക്കാൻ ശേഷിയുണ്ടെന്നും കേന്ദ്രസർക്കാർ. കിംവദന്തികളിൽ വിശ്വസിക്കരുതെന്നും പരിഭ്രാന്തി വേണ്ടെന്നും സർക്കാർ അഭ്യർത്ഥിച്ചു. പെട്രോൾ—-ഡീസൽ വിലയിൽ വർധന ഉണ്ടായിട്ടില്ലെന്ന് പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ അറിയിച്ചു. പിഎൻജി വിപുലീകരണത്തിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുകയാണെന്നും ന്യൂഡൽഹിയിൽ നടന്ന അന്തർ മന്ത്രാലയതല വാർത്താസമ്മേളനത്തിൽ അവർ പറഞ്ഞു.

LPG DISTRIBUTION - KERALAM

പശ്ചിമേഷ്യൻ

സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ, കേരളത്തിൽ എൽപിജി ഉപഭോക്താക്കൾക്കായി നിർദേശങ്ങൾ

പുറത്തിറക്കി. കേന്ദ്ര നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി. കരിഞ്ചന്ത, അധിക വില ഈടാക്കൽ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കാൻ ജില്ലകളിൽ നമ്പറുകളും സജ്ജമാക്കിയിട്ടുണ്ട്. എൽപിജി വിതരണവുമായി ബന്ധപ്പെട്ട നടപടികൾ ഏകോപിപ്പിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സമിതി രൂപീകരിച്ചു.

**MAN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 29 ന്. പരിപാടിയുടെ 132 -ആം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും MYGOV NaMo ആപ്പ് എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ നാളെ വരെ അറിയിക്കാം.

**AKASHVANI-VANDE MATARAM**

ദേശീയഗീതമായ വന്ദേമാതരം ഇന്ന് മുതൽ ആകാശവാണിയിൽ പൂർണ്ണമായി പ്രക്ഷേപണം ചെയ്യും. സ്വാതന്ത്ര്യാനന്തരം ആകാശവാണി സ്റ്റേഷനുകൾ വന്ദേമാതരത്തിൻറെ രണ്ട് ഭാഗം മാത്രമാണ് പ്രക്ഷേപണം ചെയ്തിരുന്നത്. ആഭ്യന്തര മന്ത്രാലയത്തിൻറെ മാർഗ്ഗനിർദ്ദേശം കണക്കിലെടുത്താണ് ദേശീയഗീതത്തിൻറെ പൂർണ്ണരൂപം പ്രക്ഷേപണം ചെയ്യാൻ തീരുമാനിച്ചതെന്ന് വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു. പ്രശസ്ത ഹിന്ദി ക്ലാസിക്കൽ ഗായകൻ പണ്ഡിറ്റ് ചന്ദ്രശേഖർ വാസെ ആലപിച്ച പതിപ്പാണ് പ്രക്ഷേപണം ചെയ്യുന്നത്.

**NOMINATION(INTRO)**

കേരളത്തിൽ നിയമസഭ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പിന് ഇനി 14 ദിവസങ്ങൾ മാത്രം. നാമനിർദേശ പത്രികകൾ പിൻവലിക്കുന്നതിനുള്ള സമയ പരിധി ഇന്ന് അവസാനിക്കും. ഇതിനകം 14 സ്ഥാനാർത്ഥികളാണ് പത്രിക പിൻവലിച്ചത്. അടുത്തമാസം 9 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ മെയ് നാലിന്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...***

*(വോയിസ്)*

## ASSEMBLY ELECTIONS

നിയമസഭ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം സംസ്ഥാനത്ത് ആവേശകരമായി പുരോഗമിക്കുന്നു. മുഖ്യമന്ത്രിയും സിപിഐഎം മുതിർന്ന നേതാവുമായ പിണറായി വിജയൻ ഇന്നലെ കോട്ടയത്ത് എൽഡിഎഫ് പരിപാടികളിൽ പങ്കെടുത്തു. പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി ഈ മാസം 29ന് തൃശ്ശൂരും പാലക്കാടും പ്രചാരണത്തിനെത്തും. കേന്ദ്രസഹമന്ത്രിയും ബിജെപി നേതാവുമായ സുരേഷ് ഗോപി ഇന്ന് കോഴിക്കോട് റോഡ് ഷോയിൽ പങ്കെടുക്കും. മല്ലികാർജുൻ ഖർഗേ, സച്ചിൻ പൈലറ്റ് എന്നീ മുതിർന്ന കോൺഗ്രസ് നേതാക്കൾ കോഴിക്കോട് ബീച്ചിൽ നടന്ന യുഡിഎഫ് റാലിയിൽ പങ്കെടുത്തു. പ്രതിപക്ഷനേതാവും മുതിർന്ന കോൺഗ്രസ് നേതാവുമായ വി.ഡി സതീശൻ ഇന്നലെ ഒറ്റപ്പാലത്ത് പ്രചാരണത്തിനെത്തി.

## BJP- CANDIDATES LIST

പശ്ചിമ ബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള 19 സ്ഥാനാർത്ഥികളെ കൂടി ബിജെപി പ്രഖ്യാപിച്ചു. ആർജി കർ മെഡിക്കൽ കോളേജ് കേസിലെ ഇരയുടെ അമ്മ രത്ന ദേബ്നാഥ് നോർത്ത് 24 പർഗാനാസിലെ പാനിഹതി മണ്ഡലത്തിൽ നിന്ന് മത്സരിക്കും.

❋❋❋❋❋❋❋❋❋❋❋❋❋

## FOOTBALL- SAFF

സാഫ് അണ്ടർ-20 ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ, ഇന്ത്യയുടെ പുരുഷ ടീം ഇന്നിറങ്ങും. മാലെയിൽ നടക്കുന്ന മത്സരത്തിൽ പാകിസ്ഥാനാണ് എതിരാളികൾ. ശനിയാഴ്ച നടക്കുന്ന രണ്ടാം മത്സരത്തിൽ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. ഗ്രൂപ്പ് ഘട്ടത്തിൽ രണ്ട് മത്സരങ്ങൾ മാത്രമുള്ളതിനാൽ, ഇന്ത്യയ്ക്ക് സെമിഫൈനലിൽ സ്ഥാനം ഉറപ്പാക്കാൻ ജയം അനിവാര്യമാണ്.

❋❋❋❋❋❋❋❋❋❋❋❋❋

## SWATHI THIRUNAL SANGEETHOLSAVAM

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ ഈ വർഷത്തെ ശ്രീ സ്വാതി തിരുനാൾ സംഗീതോത്സവം ഇന്ന് സമാപിക്കും. ഇന്ന് ഡോ. ആനയടി സി. ധനലക്ഷ്മി അവതരിപ്പിക്കുന്ന സംഗീതക്കച്ചേരി നടക്കും.

തിരുവനന്തപുരം സ്വാതി തിരുനാൾ സംഗീത കോളേജിലാണ് പരിപാടി.

❁❁❁❁❁❁❁❁❁❁❁❁❁

## US BOAT STRIKE

കരീബിയൻ കടലിൽ മയക്കുമരുന്ന് കള്ളക്കടത്ത് നടത്തിയതായി സംശയിക്കുന്ന ബോട്ടിനുനേരെ അമേരിക്കൻ സൈന്യം നടത്തിയ ആക്രമണത്തിൽ നാല് പേർ കൊല്ലപ്പെട്ടു. ലാറ്റിൻ അമേരിക്കയിലെ കള്ളക്കടത്തുകാരെ ലക്ഷ്യമിട്ട് കഴിഞ്ഞവർഷം സെപ്റ്റംബറിൽ ആരംഭിച്ച സൈനിക നടപടിയിൽ ഇതുവരെ 163 പേരാണ് കൊല്ലപ്പെട്ടത്.

❁❁❁❁❁❁❁❁❁❁❁❁❁

## TRUMP-CHINA VISIT

ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങുമായുള്ള യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ കൂടിക്കാഴ്ച മെയ് 14–15 തീയതികളിൽ ബീജിങ്ങിൽ നടക്കും. ഇറാനിലെ യുഎസ് സൈനിക നടപടി കാരണമാണ് കൂടിക്കാഴ്ച പുനഃക്രമീകരിച്ചത്. ഈവർഷം അവസാനം വാഷിംഗ്ടണിൽ പ്രസിഡന്റ് ഷിഎത്തുമെന്നും ട്രൂത്ത് സോഷ്യലിലെ പോസ്റ്റിൽ ട്രംപ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**WEATHER-KERALAM**

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഉയർന്ന ചൂട് ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. കൊല്ലം, കോട്ടയം, പാലക്കാട് ജില്ലകളിൽ താപനില 38 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്.